പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂൾ

88 [6061] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ രണ്ടുവർഷമായി പ്രവേശനം നിർത്തിവച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനായിട്ടുള്ള സ്ഥലം റവന്യൂ വകുപ്പിൽനിന്നും കൈമാറിക്കിട്ടുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥലസൗകര്യം കുറവായതിനാൽ ഒരു സെമിപെർമനെന്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(സി) അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

മറാഠി സമുദായ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ നിലനിർത്താൻ നടപടി

89 [6064] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെട്ട മറാഠി സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ, കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുംവരെ തുടർന്നു നൽകാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി 18-7-2003-ലെ ജി. ഒ. (ആർടി.) 564/03/പജപവവിവ. ഉത്തരവ് തിരുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവിൽ 'മറാഠി' എന്നതിനുപകരം 'മറാത്തി' എന്ന് തെറ്റായി ചേർത്തതുകൊണ്ട് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly